# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2515 08.05.2017 -ലെ മറുപടി

**<u>പെപ്സി കമ്പനി ജലമെടുക്കുന്നത് അളക്കാൻ ടെലിമെട്രി സംവിധാനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | മാത്യു ടി. തോമസ്<br>ജല വിഭവ വകുപ്പമന്ത്രി |

| | | | |
|---|---|---|---|
| എ) | കഠിനമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ പാലക്കാട് കഞ്ചിക്കോട്ടെ പെപ്സി കമ്പനിയും, മദ്യനിർമ്മാണ ശാലയും ഉൾപ്പെടെ അമിത ജലം ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഉപഭോഗത്തിൽ 75 ശതമാനം കുറവ് വരുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) | ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും പെപ്സി ഉൾപ്പെടെ ജില്ലയിൽ പ്രവർത്തിക്കുന്ന 13 സ്വകാര്യ കുപ്പി വെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്ന നിർദ്ദേശം നല്കിയിരുന്നു ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട് |
| ബി) | പ്രസ്തുത നിർദ്ദേശം കമ്പനികൾ കർശനമായി പാലിക്കപ്പെടുന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | ബി) | ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് അറിയാൻ പാലക്കാട് ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ പ്രസ്തുത കമ്പനികളിൽ പരിശോധന നടത്തിയിട്ടുണ്ട് കമ്പനികളുടെ ലോഗ് ബുക്കിലെ റീഡിംഗും ഫ്ളോ മീറ്ററിലെ റീഡിംഗും തുല്യമായി കാണുന്നുണ്ട് |
| സി) | പെപ്സി കമ്പനിക്കകത്തെ കുഴൽക്കിണറുകളിൽ നിന്നും ജലമെടുക്കുന്നത് അളക്കുന്നതിനുള്ള ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം കമ്പനി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | നിലവിൽ പെപ്സി കമ്പനിയിൽ സ്കാഡാ (SCADA -Supervisory Control and Data Acquisition) സിസ്റ്റമാണ് ഭൂജല ഉപഭോഗം മനസ്സിലാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ളത്. ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് ഭൂജല വകുപ്പ് കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ടെലിമെട്രി സംവിധാനം ഉടൻ തന്നെ ഏർപ്പെടുത്താമെന്ന് പെപ്സി കമ്പനി ഭൂജല വകുപ്പിനെ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ